ഉത്തരം

(എ)

1. റോഡുകളും പാലങ്ങളും	-	500.52 കോടിരൂപ
2. കെട്ടിടവിഭാഗം	-	58.01 „
3. നാഷണൽ ഹൈവേസ്	-	9.38 „
4. ജലസേചനം ഇൻവെസ്റ്റിഗേഷൻ	-	6.16 „
5. ഇറിഗേഷൻ പ്രോജക്ട് (ഒന്ന്)	-	7.99 „
6. ഇറിഗേഷൻ പ്രോജക്ട് (രണ്ട്)	-	9.79 „
7. ഇറിഗേഷൻ പ്രോജക്ട് (മൂന്ന്)	-	6.75 „
8. ഇറിഗേഷൻ ഡിസൈൻ ആന്റ് റിസർച്ച് ബോർഡ്	-	0.73 „
9. ഇറിഗേഷൻ അഡ്മിനിസ്ട്രേഷൻ	-	46.47 „

(ബി) ബില്ലുകളുടെ മുൻഗണനാക്രമം തയ്യാറാക്കിയിരിക്കുന്നത് ബന്ധപ്പെട്ട ഡിവിഷനുകളിലും സബ് ഡിവിഷനുകളിലുമാണ്. പകർപ്പ് സർക്കാരിൽ ലഭ്യമല്ല.

(സി) ചർച്ച ചെയ്തുവെന്നല്ലാതെ കരാർ ഒന്നും ഉണ്ടാക്കിയിട്ടില്ല.

(ഡി) 'സി' യുടെ ഉത്തരത്തിന്റെ വെളിച്ചത്തിൽ ഉദിക്കുന്നില്ല.

(ഇ) ബാധകമല്ല.

ശമ്പളപരിഷ്ക്കരണത്തിലെ അപാകതകൾ

5 (3537) ശ്രീ. പാലോട് രവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കഴിഞ്ഞ ശമ്പളപരിഷ്ക്കരണത്തിലെ അപാകതകൾ പരിഹരിക്കുന്നതിനായി എത്ര സംഘടനകളുടെ പരാതിയാണ് സർക്കാരിന് ലഭിച്ചത് ;

(ബി) ഈ പരാതികളിൽ പേ റിവിഷൻ ഉത്തരവിൽ പറഞ്ഞിട്ടുള്ളപ്രകാരം സാങ്കേതിക വിഭാഗത്തിൽ ഉൾപ്പെടുത്തണം എന്നാവശ്യപ്പെട്ടുകൊണ്ട് എത്ര അപേക്ഷകൾ ലഭിച്ചു ;

(സി) ഏതെല്ലാം ഡിപ്പാർട്ടുമെന്റിലെ ഏതെല്ലാം സ്റ്റാഫുകളെയാണ് സാങ്കേതികവിഭാഗത്തിൽ ഉൾപ്പെടുത്തുവാൻ ആവശ്യപ്പെട്ടിട്ടുള്ളത് ;

(ഡി) ഇതിൽ ഏതെങ്കിലും അപേക്ഷകളിൻമേൽ സർക്കാർ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കാമോ ?

ഉത്തരം

(എ&ബി) കഴിഞ്ഞ ശമ്പളപരിഷ്ക്കരണ ഉത്തരവിനുശേഷം കൂടുതൽ ആനുകൂല്യങ്ങൾ ആവശ്യപ്പെട്ടുകൊണ്ട് മിക്കവാറും എല്ലാ സംഘടനകളും നിവേദനങ്ങൾ നൽകുകയുണ്ടായി. ഇതിൽ വിവിധ വകുപ്പുകളിലെ വിവിധ സാങ്കേതിക വിഭാഗങ്ങളെ പ്രതിനിധീകരിക്കുന്ന സംഘടനകളും ഉൾപ്പെടുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(സി) വിവിധവകുപ്പുകളിലെ സാങ്കേതിക വിഭാഗത്തിൽപ്പെടുന്ന മിക്കവാറും എല്ലാ വിഭാഗം ജീവനക്കാരെയും സാങ്കേതിക വിഭാഗത്തിൽ ഉൾപ്പെടുത്തി ഉയർന്ന സ്കെയിൽ നൽകുവാൻ ആവശ്യപ്പെട്ടിട്ടുണ്ട്.

(ഡി) ഹെൽത്ത് ഇൻസ്പെക്ടർ, ജൂനിയർ പബ്ലിക്ക് ഹെൽത്ത് നേഴ്സ്, ട്രേസർ മുതലായ തസ്തികകൾക്ക് ഉയർന്ന സ്കെയിൽ നൽകിയിട്ടുണ്ട്.

പെൻഷൻതുകയും ഗ്രാറ്റുവിറ്റി തുകയും ഒറ്റഗഡുവായി നൽകുവാൻ നടപടി

6 (3538) ശ്രീ. വി. ജെ. പൗലോസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 1-3-1997 നും 25-11-1998 നും ഇടയ്ക്ക് സർവ്വീസിൽനിന്ന് വിരമിച്ച വരുടെ പെൻഷൻ ആനുകൂല്യങ്ങൾ നൽകുന്ന രീതി എന്തെന്ന് വിശദീകരിക്കാമോ ;

(ബി) ഈ കാലയളവിൽ സർവ്വീസിൽ നിന്നും വിരമിച്ചവരുടെ പെൻഷൻ കമ്മ്യൂട്ടേഷൻ തുകയും ഗ്രാറ്റുവിറ്റിയും ഗഡുക്കളായി നൽകിയാൽ മതിയെന്നു തീരുമാനിക്കാനുള്ള കാരണങ്ങൾ എന്തെല്ലാം ;

(സി) 25-11-1998 നുശേഷം സർവ്വീസിൽ നിന്നും വിരമിച്ചവർക്ക് ഗഡുക്കളായാണോ പെൻഷൻ ആനുകൂല്യങ്ങൾ നൽകി വരുന്നത് ;

(ഡി) അല്ലെങ്കിൽ കാരണമെന്ത് ;

(ഇ) ഈ കാലയളവിൽ പെൻഷനായവർക്ക് ഇതുവരെ പെൻഷൻ ആനുകൂല്യങ്ങളുടെ എത്ര ഗഡുക്കൾ കൊടുത്തിട്ടുണ്ട് ;

(എഫ്) ബാക്കിയുള്ള തുക ഒന്നിച്ചു നൽകണമെന്ന് പെൻഷൻകാരുടെ സംഘടനകൾ ആവശ്യപ്പെട്ടിട്ടുണ്ടോ ;

(ജി) പ്രസ്തുത കാലയളവിൽ റിട്ടയർ ചെയ്തവരുടെ പെൻഷൻ ആനുകൂല്യങ്ങളുടെ ബാക്കിതുക ഒന്നിച്ചു നൽകുന്നതിന് അക്കൗണ്ടന്റ് ജനറലിന്റെ അനുമതിയോ അഭിപ്രായമോ ആവശ്യമുണ്ടോ ;

(എച്ച്) ഉണ്ടെങ്കിൽ എന്ത് അടിസ്ഥാനത്തിൽ എന്ന് വിശദീകരിക്കാമോ ;

(ഐ) 25-11-1998 നുശേഷം റിട്ടയർചെയ്തവരുടെ പെൻഷൻ കമ്മ്യൂട്ടേഷൻ തുകയും ഗ്രാറ്റുവിറ്റിതുകയും ഒന്നിച്ചുകൊടുക്കുന്നതിന്റെ അടിസ്ഥാനത്തിൽ 1-3-1997 നും 25-11-1998 നും ഇടയ്ക്ക് റിട്ടയർ ചെയ്തവർക്ക് കൊടുക്കുവാനുള്ള പെൻഷൻ കമ്മ്യൂട്ടേഷന്റെയും ഗ്രാറ്റുവിറ്റിയുടെയും ബാക്കിതുക ഒന്നിച്ചു നൽകുവാൻ നടപടി എടുക്കുമോ ?

ഉത്തരം

(എ) ശമ്പളപരിഷ്ക്കരണത്തെത്തുടർന്ന് 1-3-1997-നും 25-11-1998-നും ഇടയ്ക്ക് പെൻഷനായവരുടെ ഗ്രാറ്റുവിറ്റിയുടെയും പെൻഷൻ കമ്മ്യൂട്ടേഷന്റെയും കുടിശ്ശിക 8 ഗഡുക്കളായി 6 വർഷംകൊണ്ട് നൽകാനാണ് ഉത്തരവായിട്ടുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly